## വനം ! പ്രകൃതിയുടെ വരദാനം.

പ്രകൃതിയുടെ വരദാനമായ വനങ്ങൾ സംരക്ഷിക്കേണ്ടത് ഭാരതത്തിലെ ഓരോ പൗരന്റേയും കടമയാണ്. അന്തരീക്ഷത്തിലെ പൊടിപടലങ്ങൾ, കാർബൺഡൈയോക്സൈഡ് എന്നിവ ആഗിരണം ചെയ്തും, ശ്വാസവായുവായ ഓക്സിജൻ പ്രദാനം ചെയ്തും, പക്ഷികൾക്കും ജന്തുക്കൾക്കും അഭയകേന്ദ്രം ഒരുക്കുകയും ചെയ്യുന്ന വനങ്ങൾ ഭൂമിയുടെ ശ്വാസകോശമായാണ് അറിയപ്പെടുന്നത്. വനനശീകരണത്തിന്റെ ദുരന്തഫലങ്ങൾ, ആഗോളതാപനമായും, കാലാവസ്ഥാവ്യതിയാനമായും, സമൂഹത്തിൽ അനുദിനം പ്രതിഫലിച്ചുകൊണ്ടിരിക്കുന്ന ഈ വേളയിൽ ഉള്ള വനങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം ലഭ്യമായ മുഴുവൻ ഭൂമിയിലും വൃക്ഷത്തൈകൾ നട്ട് ഭൂമിയുടെ പച്ചപ്പ് ഉയർത്താൻ ഓരോ പൗരനും ശ്രമിക്കേണ്ടതുണ്ട്. പാരിസ്ഥിതിക ദുരന്തങ്ങളിൽ നിന്നും തലമുറകളെ രക്ഷിക്കുവാൻ വനങ്ങൾ മാത്രമാണ് പോംവഴി. വനം വകുപ്പിന്റെ ദൗത്യവും വനം വകുപ്പ് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും വിവരിക്കുന്ന പൗരാവകാശരേഖ നമുക്ക് കൂടുതൽ കരുത്ത് പകരട്ടെയെന്ന് പ്രത്യാശിക്കുന്നു.

# പൗരാവകാശ രേഖ

## ഉള്ളടക്കം


| | പേജ് |
|---|---|
| 1. ആമുഖം | 1 |
| 2. വനം വകുപ്പിന്റെ ദൗത്യം | 3 |
| 3. വിവരാവകാശം | 5 |
| 4. പ്രധാന നിയമങ്ങളും ചട്ടങ്ങളും | 6 |
| 5. വനം വകുപ്പു നൽകുന്ന സേവനങ്ങൾ | 9 |
| 6. വന്യജീവി സങ്കേതം/നാഷണൽ പാർക്ക്/ടൈഗർ റിസർവ്വ് എന്നിവിടങ്ങളിലെ പ്രവേശന നിരക്കുകൾ | 12 |
| 7. പരാതി പരിഹാരം | 15 |
| 8. സംശയ നിവാരണി | 17 |
| 9. വനേതര പ്രദേശങ്ങളിൽ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമം. | 21 |
| 10. വനസന്ദർശനം- വനവിഭവശേഖരണം | 33 |
| 11. തടയിതര വനവിഭവങ്ങൾ വാങ്ങാൻ- വനശ്രീ | 34 |
| 12. ഇക്കോ ടൂറിസം - പ്രകൃതി പഠനക്യാമ്പുകൾ | 40 |
| 13. വന്യജീവികളുടെ ആക്രമണം-നഷ്ടപരിഹാരം | 53 |
| 14. വന്യജീവി കുറ്റകൃത്യങ്ങൾ- രഹസ്യവിവരം നൽകാൻ | 55 |
| 15. നാട്ടാന പരിപാലനം | 57 |
| 16. പങ്കാളിത്ത വനപരിപാലനം - ആദിവാസിക്ഷേമ പ്രവർത്തനങ്ങൾ | 67 |
| 17. സംസ്ഥാന വനവികസന ഏജൻസി | 68 |
| 18. സാമൂഹ്യവനവത്ക്കരണം | 72 |
| 19. വനവിജ്ഞാനവ്യാപനം | 75 |
| 20. വനം - കുറ്റകൃത്യങ്ങളും ശിക്ഷയും | 78 |
| 21. സേവനാവകാശ നിയമം | 79 |

ജലക്ഷാമത്തെയും വരൾച്ചയെയും നേരിടുന്നതിന് നാടിന്റെ രക്ഷാകവചങ്ങളായി കാടുകൾ നിലകൊള്ളുന്നു. നമ്മുടെ ജലസേചന പദ്ധതികളുടെയും ജല വൈദ്യുത ഊർജ്ജത്തിന്റെയും നെടുംതൂണുകളായ അണക്കെട്ടുകൾ എല്ലാം തന്നെ കേരളത്തിലെ കാടുകൾ കനിഞ്ഞുനൽകുന്ന ജല സമൃദ്ധിയിലാണ് നില നിന്നുപോരുന്നത്.

നാടിനാകെ കൃഷിസമൃദ്ധിയും കുടിവെള്ളവും ലഭിക്കുന്നതിനു പിന്നിലെ മുഖ്യസ്രോതസ്സായി നിലകൊള്ളുമ്പോൾതന്നെ വനാശ്രിത സമൂഹങ്ങൾക്ക് പ്രത്യേകിച്ചും പട്ടികവർഗ്ഗക്കാർക്ക്, മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ഒരുക്കുന്നതിന് വനംവകുപ്പ് പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്തെ പങ്കാളിത്ത വനപരിപാലനം വഴി വന മേഖലകൾക്ക് അകത്തും പുറത്തുമുള്ള വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ 35 വനവികസന ഏജൻസികൾക്കു കീഴിലുള്ള 398 വനസംരക്ഷണ സമിതികളും 190 ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികളും വഴി പദ്ധതികൾ നടപ്പാക്കി വരുകയാണ്. സംയോജിത വനവികസനവും ഗ്രാമീണ തൊഴിലവസരസാദ്ധ്യതയും ലക്ഷ്യമിടുന്ന ദേശീയ വനവത്ക്കരണ പരിപാടി പ്രാദേശിക വാസികൾ തയ്യാറാക്കുന്ന സൂക്ഷ്മാസൂത്രണ രേഖയുടെ അടിസ്ഥാനത്തിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്. ദേശീയ വനവത്ക്കരണ പദ്ധതി അനുസരിച്ച് ഇതുവരെ 30 ലക്ഷത്തിലധികം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാനായിട്ടുണ്ട്. ഫലപ്രദമായ വന സംരക്ഷണം സാദ്ധ്യമാക്കുന്ന പങ്കാളിത്ത വനപരിപാലനം വനേതര മേഖലകളിലും നടപ്പാക്കി വരുന്നുണ്ട്. കാലാവസ്ഥാവ്യതിയാനത്തെ ചെറുക്കുക എന്ന ലക്ഷ്യത്തോടെ വനമേഖലയിലും വനത്തിന് പുറത്തും ഭാരത സർക്കാർ നടപ്പാക്കുന്ന **ഗ്രീൻ ഇന്ത്യാ മിഷൻ** പദ്ധതിയും വനപരിപാലനം ലക്ഷ്യമിട്ടുള്ളതാണ്.

നമ്മുടെ നാടിന്റെ മുഖ്യവരുമാന സ്രോതസ്സുകളിൽ പ്രധാന പങ്ക് വഹിക്കുന്ന വിനോദസഞ്ചാരരംഗത്തും വനങ്ങളുടെ പങ്ക് അതുല്യമാണ്. പരിസ്ഥിതിക്ക് ക്ഷത മേൽക്കാതെയും, വനാശ്രിതർക്ക് ഗുണകരമാകുംവിധവും നടപ്പിലാക്കാൻ സർക്കാർ ലക്ഷ്യമിട്ട 56 ഇക്കോടൂറിസം പദ്ധതികൾ വനമേഖലയിൽ പങ്കാളിത്ത വനപരിപാലനം വഴി നടപ്പാക്കിവരുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2008 മുതൽ സംസ്ഥാനത്തെ മുഴുവൻ വനമേഖലയിലും നടപ്പാക്കുന്നുണ്ട്. കേന്ദ്ര സർക്കാർ 2006-ൽ പാസ്സാക്കിയ ആദിവാസികളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം നടപ്പാക്കുന്നതിന് വനംവകുപ്പ് പൂർണ്ണസഹകരണം നൽകിവരുന്നു. വന മേഖല യിലെ തൊഴിലില്ലായ്മ ഗണ്യമായി പരിഹരിക്കുന്നതിനും വനാശ്രിത സമൂഹത്തിന്റെ ശാക്തീകരണത്തിനുമായുള്ള ഒരു ബൃഹദ്സംരംഭത്തിലാണ് വനംവകുപ്പ് ഏർപ്പെട്ടിട്ടുള്ളത്. ഇതോടൊപ്പം വനേതര പ്രദേശങ്ങളിലേക്കും വകുപ്പിന്റെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്.

**ഭരണഘടന വിഭാവനം ചെയ്യുന്ന ഈ കടമ നിറവേറ്റുന്നതിനായി ഓരോ പൗരനിൽ നിന്നും പ്രതീക്ഷിക്കുന്നത്-**

- പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും സംരക്ഷിക്കുന്നതിന് നിലവിലുള്ള നിയമങ്ങളെ ആദരിക്കുകയും അതിന് അനുഗുണമായി പ്രവർത്തിക്കുകയും ചെയ്യുക.
- പ്രകൃതി വിഭവസംരക്ഷണ താൽപര്യം ഉൾക്കൊണ്ട് പ്രകൃതി നിയമങ്ങളെ മാനിക്കുക.
- വനംവകുപ്പുമായി വിവരങ്ങൾ പങ്കുവയ്ക്കുകയും പ്രകൃതി സംരക്ഷണത്തിന്റെയും, സുസ്ഥിരവികസനത്തിന്റെയും, സന്ദേശം വ്യാപിപ്പിക്കാൻ വനം വകുപ്പിനെ സഹായിക്കുക.
- വനംവകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുക വഴി പൗരന്റെ ഉത്തരവാദിത്വവും കടമകളും പൂർണ്ണമായും നിറവേറ്റുക.

**വിവരാവകാശം**

വിവരാവകാശ നിയമം അനുശാസിക്കുന്ന തരത്തിൽ വനംവകുപ്പ് സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരുടെയും, അസ്സിസ്റ്റന്റ് സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരുടെയും അപ്പലേറ്റ് അതോറിറ്റികളുടെയും പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇതനുസരിച്ച് ഫോറസ്റ്റ് റെയിഞ്ചുകളുടെ ചാർജ്ജ് വഹിക്കുന്ന എല്ലാ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, അസ്സിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരാണ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരും, ബന്ധപ്പെട്ട കൺസർവേറ്റർമാർ അപ്പലേറ്റ് അതോറിറ്റികളും ആണ്. ഇതുപോലുള്ള ക്രമീകരണം വനംവകുപ്പ് ആസ്ഥാനത്തും നടത്തിയിട്ടുണ്ട്. വനം ആസ്ഥാനത്തെ ഇൻഫർമേഷൻ ഓഫീസർ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാണ്.

**വിശദമായ പട്ടികയ്ക്ക്**
**www.forest.kerala.gov.in എന്ന**
**വെബ്സൈറ്റ് കാണുക**

## വനം - വന്യജീവി സംരക്ഷണത്തിനായി പ്രാബല്യത്തിലുള്ള പ്രധാന നിയമങ്ങളും ചട്ടങ്ങളും.

| | |
|---|---|
| 1. | കേരള വനനിയമം (Kerala Forest Act, 1961) |
| 2. | കേരള വനവിഭവ കടത്തു ചട്ടങ്ങൾ (The Kerala Forest Produce Transit Rules, 1975) |
| 3. | കേരള വന (സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും സ്വകാര്യ വ്യക്തികളുടെ കൈവശഭൂമിയിൽ വളരുന്നതുമായ വൃക്ഷങ്ങളുടെയും തടിയുടെയും സംരക്ഷണവും പുനരുല്പാദനവും കൈയൊഴിക്കലും) ചട്ടങ്ങൾ {The Kerala Forest Preservation, Reproduction and Disposal of Trees and Timber Belonging to Government but Grown on Lands in the Occupation of Private Persons Rules, 1975} |
| 4. | കേരള വനവികസന ഫണ്ട് ചട്ടങ്ങൾ ( The Kerala Forest Development Fund Rules, 1989) |
| 5. | കേരള വന ( താൽക്കാലികമായോ സ്ഥിരമായോ പതിച്ചുകൊടുത്ത ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് നിരോധനം) ചട്ടങ്ങൾ {TheKerla Forest (Prohibition of felling of trees standing on land temporarily or permanently assigned ) Rules, 1995} |
| 6. | കേരള സ്വകാര്യവനം ( നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) നിയമം {Kerala Private Forests ( Vesting and Assignment) Act , 1971.} |
| 7. | കേരള സ്വകാര്യ വനം ( നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ചട്ടങ്ങൾ. {Kerala Private Forests ( Vesting and Assignment) Rules. 1974} |
| 8 | കേരള നിക്ഷിപ്ത വനം ( സംരക്ഷിത സ്ഥലങ്ങളുടെ ഭരണം) ചട്ടങ്ങൾ { The Kerala Vested Forests ( Management of Reserved Areas) Rules 1980} |
| 9. | കേരള വനവിഭവ (വില്പനവില നിർണ്ണയ) നിയമം{ The Kerala Forest Produce (Fixation of Selling Price) Act, 1978 } |
| 10.. | കേരള വനവിഭവ ( വില്പന വിലനിർണ്ണയ) ചട്ടങ്ങൾ { The Kerala Forests Produce (Fixation of Selling Price) Rules, 1978} |
| 11 | കേരള വനസമ്പത്ത് വികസന ഫണ്ട് ചട്ടങ്ങൾ (The Kerala Forests Resources Development Fund Rules, 1989) |
| 12. | കേരള വൃക്ഷസംരക്ഷണ നിയമം (The Kerala Preservation of Trees Act,1986)+ |
| 13. | വന (സംരക്ഷണ) നിയമം{ The Forest (Conservation) Act, 1980} |

| | |
|---|---|
| 28. | വന്യജീവി സ്റ്റോക്ക് വെളിപ്പെടുത്തൽ ചട്ടങ്ങൾ- 2003<br>(The Declaration of Wildlife Stock Rules, 2003) (കേന്ദ്ര ചട്ടങ്ങൾ) |
| 29. | ആദിവാസികളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം {The Scheduled Tribes and Other Traditional Forest Dwellers ( Recognition of Forest Rights) Act, 2006} |
| 30. | ആദിവാസികളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ചട്ടങ്ങൾ {The Scheduled Tribes and Other Traditional Forest Dwellers ( Recognition of Forest Rights) Rules, 2007} |
| 31. | കേരള നാട്ടാന (പരിപാലനവും പരിചരണവും) ചട്ടങ്ങൾ<br>{The Kerala Captive Elephants (Management and Maintenance ) Rules, 2012} |
| 32. | കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവെച്ചുകൊല്ലാനുള്ള ഉത്തരവ് 2013<br>(Killing of crop raiding wild boars with condition Order- 2013 ) |

# വനം വകുപ്പ് നൽകുന്ന സേവനങ്ങൾ

| ക്രമ നമ്പർ | സേവനങ്ങൾ | ബന്ധപ്പെടേണ്ട ഓഫീസ് | അപേക്ഷാ ഫീസ് | ചെലവ് |
|---|---|---|---|---|
| 1. | സെറ്റിൽമെന്റിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് 1 ½ ഘന മീറ്റർ തടി.. | ഫോറസ്റ്റ് റെയിഞ്ചാഫീസ് | ഇല്ല | സീനിയറേജ് നിരക്കിന്റെ 25%.+ നികുതികൾ |
| 2. | സർക്കാർ ആവിഷ്കൃത ഭവന പദ്ധതികളുടെ ഗുണോഭോക്താക്കളായ ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള ആദിവാസികൾക്ക് ഭവന നിർമ്മാണത്തിന് 2 ക്യൂബിക് മീറ്ററുവരെ തടി. | ഫോറസ്റ്റ് റെയിഞ്ചാഫീസ് | ഇല്ല | സൗജന്യം |
| 3. | തടിയേതര വനവിഭവശേഖരണത്തിന് പട്ടിക വർഗ്ഗസഹകരണ സംഘങ്ങൾക്കുള്ള പാസ്സ് | ഫോറസ്റ്റ് റെയിഞ്ചാഫീസ് | ഇല്ല | ഇല്ല |
| 4. | പട്ടിക ജാതി, പട്ടികവർഗ്ഗ പരമ്പരാഗത കരകൗശല തൊഴിലാളികൾക്കുള്ള മുള -ഈറ്റ ശേഖരണത്തിനുള്ള പാസ്സ് | ഫോറസ്റ്റ് റെയിഞ്ചാഫീസ് | ഇല്ല | സീനിയറേജ് നിരക്കിന്റെ 50%.+ നികുതികൾ |
| 5. | വൃക്ഷംവളർത്തൽ പ്രോത്സാഹന നിയമപ്രകാരം വനേതര പ്രദേശങ്ങളിലെ മരം മുറിക്കുന്നതിനുള്ള അനുവാദം | ഫോറസ്റ്റ് റെയിഞ്ചാഫീസ് | ഒരു രൂപ കോർട്ട് ഫീ സ്റ്റാമ്പ് | ഇല്ല |
| 6. | സ്വകാര്യഭൂമിയിൽ നിന്ന് തടികൊണ്ടു പോകുന്നതിനുള്ള അനുവാദം | ഫോറസ്റ്റ് റെയിഞ്ചാഫീസ് | ഒരു രൂപ കോർട്ട് ഫീ സ്റ്റാമ്പ് | ഇല്ല |
| 7. | കൺവീനർമാരുടെ പാനലിൽ തൊഴിലാളികളെ ചേർക്കാൻ | ഫോറസ്റ്റ് റെയിഞ്ചാഫീസ്/ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് | 5 രൂപയു ടെ കോർട്ട് ഫീ സ്റ്റാമ്പ് | ഇല്ല |
| 8. | വനാതിർത്തിക്കുള്ളി ലെ അംഗീകൃത കടവുകളിൽ നിന്ന് മണൽ ശേഖരണം. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് | 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് | വിലയും, നികുതികളും |
| 9. | അഗസ്ത്യാർകൂടം സന്ദർശനം | തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ്. | ഇല്ല | 200 രൂപ (പ്രവേശനത്തി നു മാത്രം) |

| | | | | |
|---|---|---|---|---|
| 10. | വന്യജീവി സങ്കേതങ്ങളും നാഷണൽ പാർക്കുകളും ഒഴികെയുള്ള വനപ്രദേശങ്ങളിലെ വാണിജ്യസിനിമാ നിർമ്മാണം | ടെറിട്ടോറിയൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ | ഇല്ല | സെക്യൂരിറ്റി 10000 രൂപ + ഒരു ദിവസത്തേയ്ക്ക് 10000 രൂപ വാടക |
| 11. (1) | വന്യജീവി സങ്കേതങ്ങളിലും നാഷണൽ പാർക്കുകളിലും വാണിജ്യ സിനിമാ നിർമ്മാണത്തിന് | ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ്. | ഇല്ല | സെക്യൂരിറ്റി (10,000 രൂപ.)+ ചിത്രീകരണ നിരക്ക് പ്രതിദിനം 10000/- രൂപ |
| 11 (2) | ഡോക്യുമെന്ററി നിർമ്മാണം/ വിദ്യാഭ്യാസ ചിത്രം/വാണിജ്യ ഫോട്ടോഗ്രാഫി എന്നിവ നിർമ്മിക്കുന്നതിന് | വന്യജീവി സങ്കേതങ്ങളിലും നാഷണൽ പാർക്കുകളിലും ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ്. മറ്റു വനപ്രദേശങ്ങളിൽ അതാതു ടെറിട്ടോറിയൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ. | ഇല്ല | സെക്യൂരിറ്റി ഡിപ്പോസിറ്റ് 10000/- രൂപയും ചിത്രീകരണത്തിന് പ്രതിദിനം 5000/- രൂപയും |
| 12. | വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് | ഇല്ല | ഇല്ല |
| 13. | തടി മില്ലിനും, മരാധിഷ്ഠിത വ്യവസായത്തിനുമുള്ള എൻ.ഒ.സി. (നിരാക്ഷേപരേഖ) | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് | ഇല്ല | ഒറ്റത്തവണ തുക സർക്കാരിലേക്ക് നൽകേണ്ടത്. 1. ഫർണിച്ചർ യൂണിറ്റ് -10,000 രൂപ 2. പാക്കിംഗ് കേസ്സ് യൂണിറ്റ് - 50,000 രൂപ പ്ലൈവുഡ് യൂണിറ്റ് - 2,00,000 രൂപ വെനീർ യൂണിറ്റ് - 2,00,000 രൂപ |
| 14. | പ്രോപർട്ടിമാർക്ക് രജിസ്ട്രേഷൻ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് | ഇല്ല | 5000 രൂപ |
| 15. | പ്രോപർട്ടിമാർക്ക് രജിസ്ട്രേഷൻ പുതുക്കൽ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് | ഇല്ല | 5000 രൂപ |

| | | | | |
|---|---|---|---|---|
| 25. | വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ അറിയുന്നതിന് | ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/സ്റ്റേറ്റ് അസ്സി: പബ്ലിക് ഇൻഫർമേഷൻ ഓഫീസർ. | 10 രൂപയുടെ കോർട്ട് ഫീസ് സറ്റാമ്പ് ഒട്ടിച്ച അപേക്ഷ | ഫോട്ടോ കോപ്പി ചെലവ് |
| 26. | ഫോറസ്റ്റ് സെൻട്രൽ ലൈബ്രറിയിലെ പുസ്തകങ്ങളും രേഖകളും പരിശോധിക്കുന്നതിന് | ലൈബ്രേറിയൻ | ഇല്ല | ഇല്ല |
| 27. | ഫോറസ്ട്രി ക്ലബ് രൂപീകരിക്കുന്നതിന് | പബ്ലിക് റിലേഷൻസ് ഓഫീസർ, ഫോറസ്ട്രിഇൻഫർ മേഷൻ ബ്യൂറോ. | ഇല്ല. | ഇല്ല. |
| 28. | ഗ്രീൻ പാസ്പോർട്ട് ലഭിക്കുന്നതിന് | ടെറിട്ടോറിയൽ /വൈൽഡ്ലൈഫ് ഡിവിഷൻ ഓഫീ സർമാർ | 100 രൂപ | |

## വന്യജീവി സങ്കേതം/ദേശീയോദ്യാനം/കടുവാസങ്കേതം എന്നിവിടങ്ങളിൽ പ്രവേശിക്കുന്നതിനുള്ള നിരക്കുകൾ.

| | |
|---|---|
| **a) കടുവാ സങ്കേതങ്ങളും * ദേശീയോദ്യാനങ്ങളും** | |
| - പ്രവേശന ഫീസ് - ഇന്ത്യാക്കാർക്ക് | 15 രൂപാ ഒരാൾക്ക് |
| - പ്രവേശന ഫീസ് - വിദേശികൾക്ക് | 200 രൂപാ ഒരാൾക്ക് |
| - 11 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക്<br>വിദേശികൾക്ക് | 5 രൂപാ ഒരാൾക്ക്<br>105 രൂപാ ഒരാൾക്ക് |
| -വീഡിയോ/ മൂവി ക്യാമറ ഉപയോഗിക്കുന്നതിന് | 200 രൂപാ പ്രതിദിനം |
| - സാധാരണ (സ്റ്റിൽ) ക്യാമറ ഉപയോഗിക്കുന്നതിന് | 25 രൂപ പ്രതിദിനം |
| * പെരിയാർ കടുവാ സങ്കേതം സന്ദർശിക്കുന്ന ഇന്ത്യാക്കാരിൽ നിന്ന് 10 രൂപാ വീതവും വിദേശികളിൽ നിന്ന് 100 രൂപാ വിതവും പ്രവേശന ഫീസിനുപുറമേ സർ ചാർജ്ജായി ഈടാക്കുന്നതാണ്. | |

| | |
|---|---|
| b) വാഹന നിരക്ക് | |
| - ഹെവി വെഹിക്കിൾ | 200 രൂപാ പ്രതിദിനം |
| - ലൈറ്റ് വെഹിക്കിൾ | 50 രൂപാ പ്രതിദിനം |
| - മറ്റുള്ളവ | 25 രൂപാ പ്രതിദിനം |

## വന്യജീവി സങ്കേതങ്ങൾ

| | |
|---|---|
| a) പ്രവേശന ഫീസ്- ഇന്ത്യാക്കാർക്ക് | 10 രൂപ ഒരാൾക്ക് |
| പ്രവേശന ഫീസ്- വിദേശികൾക്ക് | 100 രൂപ ഒരാൾക്ക് |
| 12 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് | 5 രൂപ ഒരാൾക്ക് |
| b) വീഡിയോ /മൂവി ക്യാമറ | 150 രൂപ പ്രതിദിനം |
| സാധാരണ (സ്റ്റിൽ) ക്യാമറ | 25 രൂപ പ്രതിദിനം |
| വാഹന നിരക്ക് | |
| - ഹെവി വെഹിക്കിൾസ് | 150 രൂപ പ്രതിദിനം |
| - ലൈറ്റ് വെഹിക്കിൾ | 50 രൂപ പ്രതിദിനം |
| മറ്റുള്ളവ | 20 രൂപ പ്രതിദിനം |

## <u>വിവിധ ഇക്കോടൂറിസം പരിപാടികൾക്ക് സർവ്വീസ് ചാർജ്ജ് നിരക്കുകൾ</u> *

| | | | | |
|---|---|---|---|---|
| 1. | പാർക്കിംഗ് | ഇരുചക്ര വാഹനം<br>ലൈറ്റ് മോട്ടോർ വെഹിക്കിൾ<br>ഹെവി മോട്ടോർ വെഹിക്കിൾ | 5- 15 രൂപ വരെ<br>10-30 രൂപ വരെ<br>20-60 രൂപ വരെ | ( 12 മണിക്കൂർ സമയത്തേയ്ക്ക്) |
| 2. | പിക്നിക് ഏരിയ/പൊതു സ്ഥല ഉപയോഗം | (13 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്ക്) | 10 രൂപ മുതൽ 30 രൂപ വരെ ഒരാൾക്ക് | (എ) 13 വയസ്സിനു താഴെ സൗജന്യം (ബി)ശാരീരിക-മാന സികവൈകല്യമുള്ളവ ർക്ക് പ്രായഭേദ മെന്യേസൗജന്യം.(സി)<br>അംഗീകൃത വിദ്യാഭ്യാ സസ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാഭ്യാസ<br>/വിനോദയാത്ര കൾക്ക് പകുതി നിരക്ക്. |

| | | | | |
|---|---|---|---|---|
| 3 (a) | വനപ്രാന്ത പ്രദേശങ്ങളിൽ ഹ്രസ്വദൂര ട്രെക്കിങ്ങ് - 3 മണിക്കൂർ | (13 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്ക്) | 250 രൂപ മുതൽ 500 രൂപ വരെ. 10 അംഗങ്ങൾ മാത്രം അധികമുള്ള ഓരോ ആൾക്കും 30 രൂപ മുതൽ 60 രൂപ വരെ പരമാവധി 20 അംഗങ്ങൾ. 400 മുതൽ 800 രൂപ വരെ.അംഗങ്ങൾ 10. അധിക ഓരോ അംഗത്തിനും 50 മുതൽ 100 രൂപവരെ. പരമാവധി 20 അംഗങ്ങൾ | (എ) 13 വയസ്സിനു താഴെ പകുതി നിരക്ക്. (ബി) അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാഭ്യാസ/വിനോദ യാത്രകൾക്ക് പകുതി നിരക്ക്. (സി) ശാരീരിക-മാനസിക വൈകല്യമുള്ളവർക്ക് ട്രക്കിംഗിന് അനുവാദമില്ല. |
| (b) | വനപ്രാന്തപ്രദേശങ്ങളിൽ ട്രെക്കിങ്ങ് - 6 മണിക്കൂർ | (13 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്ക്) | | (എ) 13 വയസ്സിനു താഴെ പകുതി നിരക്ക്. (ബി) അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാഭ്യാസ/വിനോദ യാത്രകൾക്ക് പകുതി നിരക്ക്. (സി) ശാരീരിക-മാനസിക വൈകല്യമുള്ളവർക്ക് ട്രക്കിംഗിന് അനുവാദമില്ല. |
| 4. (a) | ഉൾവന ട്രെക്കിങ്ങ് - 12 മണിക്കൂർ (വനത്തിൽ രാത്രി താമസം ഇല്ലാതെ) | (13 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്ക്) | 800 മുതൽ 1500 രൂപ വരെ. 5 അംഗങ്ങൾ. അധികമായ ഓരോ അംഗത്തിനും 200 മുതൽ 400 രൂപ വരെ. പരമാവധി 10 അംഗങ്ങൾ. | (എ)യാത്രകളിൽ വനം വകുപ്പുദ്യോഗസ്ഥൻ അനുധാവനം ചെയ്യണം. (ബി) 13 വയസ്സിൽ താഴെയുള്ളവർക്ക് അനുവദനീയമല്ല. (സി) മറ്റു യാതൊരു സൗജന്യവും അനുവദനീയമല്ല. (സി) ശാരീരിക-മാനസിക വൈകല്യമുള്ളവർക്ക് ട്രക്കിംഗിന് അനുവാദമില്ല. |
| (b) | ഉൾവന ട്രെക്കിങ്ങ് - 36 മണിക്കൂർ വനത്തിൽ ഒരു രാത്രി ക്യാമ്പ്. | (13 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്ക്) | 2000 മുതൽ 4000 രൂപ വരെ. 5 അംഗങ്ങൾ മാത്രം. | (എ)യാത്രകളിൽ വനം വകുപ്പുദ്യോഗസ്ഥൻ അനുധാവനം ചെയ്യണം. (ബി) 13 വയസ്സിൽ താഴെയുള്ളവർക്ക് അനുവദനീയമല്ല. (സി) മറ്റു യാതൊരു സൗജന്യവും അനുവദനീയമല്ല. |

| | | | | |
|---|---|---|---|---|
| | | | | (ഡി) ശാരീരിക-മാനസിക വൈകല്യമുള്ളവർക്ക് ട്രക്കിംഗിന് അനുവാദമില്ല. |
| (c) | ഉൾവന ട്രെക്കിങ്ങ് – 60 മണിക്കൂർ വനത്തിൽ രണ്ടു രാത്രി ക്യാമ്പ്. | (13 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്ക്) | 3000 മുതൽ 6000 രൂപ വരെ. 5 അംഗങ്ങൾ മാത്രം. | എ) യാത്രകളിൽ വനം വകുപ്പുദ്യോഗസ്ഥൻ അനുധാവനം ചെയ്യണം. (ബി) 13 വയസ്സിൽ താഴെയുള്ളവർക്ക് അനുവദനീയമല്ല. (സി) മറ്റു യാതൊരു സൗജന്യവും അനുവദനീയമല്ല. (ഡി) ശാരീരിക-മാനസിക വൈകല്യമുള്ളവർക്ക് ട്രക്കിംഗിന് അനുവാദമില്ല. |
| 5. | സ്പെഷ്യൽ ക്ലാസ്സ് | ഒരു മണിക്കൂർ<br>1-3 മണിക്കൂർ<br>3-6 മണിക്കൂർ | 400.00 രൂപ<br>600.00 രൂപ<br>750.00 രൂപ | ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നവർക്കുള്ള പ്രതിഫലവും സൗകര്യങ്ങളും ഉപകരണങ്ങളും ഉപയോഗിക്കുന്നതിനുള്ള ഫീസും ഇതിൽ ഉൾപ്പെടും. പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് നിരക്ക് നിശ്ചയിക്കാം. |
| 6. | നീന്തൽ/കുളി | പരമാവധി 3 മണിക്കൂർ (പകൽ മാത്രം) | ആളൊന്നുക്ക് 50 രൂപ | അനുവദനീയമായ സ്ഥലങ്ങളിൽ മാത്രം. |

## പരാതി പരിഹാരം

വനം വകുപ്പിനെ സംബന്ധിച്ച പൊതുജനങ്ങളുടെ പരാതികൾ **1800 425 4733** എന്ന ടോൾഫ്രീ നമ്പറിൽ വനംവകുപ്പ് ആസ്ഥാനത്ത് വിളിച്ച് വിവരം ധരിപ്പിച്ച് പരിഹാരം തേടാം. വനം ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ ബന്ധപ്പെട്ട ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് കൈമാറാവുന്നതാണ്. ഫോൺ നമ്പറുകൾ താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥൻ | ഫോൺ നമ്പർ |
|---|---|---|
| 1. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ്, തിരുവനന്തപുരം, പി.ടി.പി. നഗർ, വട്ടിയൂർക്കാവ് പി.ഒ.തിരുവനന്തപുരം-695013 | 0471- 2368686<br>Mob: No. 9447979114 |
| 2. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ്, പുനലൂർ പി.ഒ., കൊല്ലം- 691305 | 0475- 2222638<br>Mob: No. 9447979113 |
| 3. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ്, ഇടുക്കി, ആരണ്യ ഭവൻ ഫോറസ്റ്റ് കോംപ്ലക്സ്, വെള്ളാപ്പാറ പി.ഒ., പൈനാവ്, ഇടുക്കി-685603 | 04862- 233102<br>Mob: No. 9447979111 |
| 4. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷൻ, കോതമംഗലം പി.ഒ., എറണാകുളം-686691 | 0485- 2822566<br>Mob: No. 9447979112 |
| 5. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷൻ, എറണാകുളം, പാലാരിവട്ടം പി.ഒ., എറണാകുളം-682025 | 0484 - 2344348<br>Mob: No. 9447979121 |
| 6. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷൻ, കോഴിക്കോട്, വനശ്രീ മാത്തോട്ടം, അരക്കിണർ പി.ഒ., കോഴിക്കോട്-673028 | 0495 - 2416600<br>Mob: No. 9447979123 |
| 7. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷൻ, പാലക്കാട്,ആരണ്യഭവൻ,ഒലവക്കോട് പി.ഒ., പാലക്കാട്- 678002 | 0491 - 2555396<br>Mob: No. 9447979124 |
| 8. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷൻ, കണ്ണൂർ, കണ്ണോത്തുംചാൽ, താണ പി.ഒ, കണ്ണൂർ - 670012. | 0497 - 2766345<br>Mob: No. 9447979122 |
| 9. | ഫോറസ്റ്റ് കൺസർവേറ്റർ(I &E) ആരണ്യഭവൻ കോംപ്ലക്സ്, എസ്.എച്ച് മൗണ്ട് പി.ഒ., കോട്ടയം - 686006 | 0481-2312402<br>Mob: No. 9447979110 |

**സ്പെസിഫയിഡ് മരങ്ങൾ അഥവ നിയന്ത്രണം ബാധകമായ 10 ഇനം മരങ്ങൾ**

| | | | |
|---|---|---|---|
| 1. | ചന്ദനം | 6. | കമ്പകം |
| 2. | തേക്ക് | 7. | ചടച്ചി |
| 3. | ഈട്ടി | 8. | ചന്ദന വേമ്പ് |
| 4. | ഇരുൾ | 9. | വെള്ളകിൽ |
| 5. | തേമ്പാവ് | 10. | എബണി |

## 24. നോട്ടിഫൈ ചെയ്ത സ്ഥലത്തിലെ വൻകിട ഭൂഉടമകളുടെ അവകാശങ്ങൾ എന്തൊക്കെ

ഒരു ഹെക്ടറിനു മുകളിൽ ഭൂമിയുള്ളവരാണ് വൻകിട ഭൂ ഉടമകൾ. ഇവർക്ക് ഷെഡ്യൂൾഡ് മരങ്ങൾ (നിയന്ത്രണം ബാധകമല്ലാത്ത 20 ഇനം മരങ്ങൾ) ഒഴികെ ഏതുമരവും മുറിക്കുന്നതിനും കടത്തി കൊണ്ട് പോകുന്നതിനും മുൻകൂർ അനുമതി ആവശ്യമാണ്.

**ഷെഡ്യൂൾഡ് മരങ്ങൾ അഥവ നിയന്ത്രണം**

**ബാധകമാകാത്ത 28 ഇനം മരങ്ങൾ**

| | | |
|---|---|---|
| 1. തെങ്ങ് | 11. ശീമക്കൊന്ന | 21. കിളിമരം |
| 2. റബ്ബർ | 12. നെല്ലി | 22. മഞ്ചാടിമരം |
| 3. കശുമാവ് | 13. വേപ്പ് | 23. വട്ട |
| 4. പുളി | 14. മുരിക്ക് | 24. പന |
| 5. മാവ് | 15. ജാതി | 25. അരണമരം |
| 6. പ്ലാവ് | 16. അൽബിസിയ | 26. യൂക്കാലിപ്റ്റസ് |
| 7. കുടംപുളി | 17. ഇലവ് | 27. ശീമപ്ലാവ് |
| 8. മട്ടി | 18. അക്കേഷ്യ | 28. പാല |
| 9. കമുക് | 19. മാഞ്ചിയം | |
| 10. കൊന്ന | 20. ആഞ്ഞിലി | |

## 25. ജീവനോ സ്വത്തിനോ ഭീഷണിയായ മരങ്ങൾ

നിയന്ത്രണം ബാധകമായ മരങ്ങൾ (സ്പെസിഫയിഡ് മരങ്ങൾ) എവിടെ നിന്നാലും അത് ജീവനോ സ്വത്തിനോ ഭീഷണിയാണെങ്കിൽ ടി മരം അടിയന്തിരമായി മുറിച്ച് നീക്കുന്നതിന് അനുമതി ഉറപ്പായും കൊടുത്തിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ബാധ്യസ്ഥനാണ്.

മനുഷ്യന് എല്ലാ കാര്യത്തിലും സ്വയത്തമായ അറിവുണ്ടെങ്കിലും, ചില പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയില്ലെങ്കിൽ ഭാവിയിൽ അത് പല പ്രശ്നങ്ങൾക്ക് ഇടവ

സാന്നിദ്ധ്യമുണ്ട്. ഫെഡറേഷൻ ഔട്ട്ലെറ്റുകളുടെ വിലാസവും ഫോൺനമ്പറും താഴെകൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | ബ്രാഞ്ച് മാനേജർ,<br>കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ്<br>SC/STഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. പേരൂർക്കട പി.ഒ.,<br>തിരുവനന്തപുരം- 695 005 ഫോൺ. 0471-2439611. | 2. | ബ്രാഞ്ച് മാനേജർ,<br>കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ്<br>SC/STഡെവലപ്പ്മെന്റ്<br>കോർപ്പറേഷൻ ലിമിറ്റഡ്. II, 682<br>A,S. അഞ്ചേരി, അഞ്ചേരി പി.ഒ..,<br>തൃശ്ശൂർ-680006<br>ഫോൺ. 0487-2351693 |
| 3. | ബ്രാഞ്ച് മാനേജർ,<br>കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ്<br>SC/STഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.മുനിസിപ്പൽ ലൈബ്രറിക്ക് സമീപം, കോതമംഗലം<br>പി.ഒ.എറണാകുളം- 686691<br>ഫോൺ. 0485-2862084 | 4. | ബ്രാഞ്ച് മാനേജർ,<br>കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ്<br>SC/STഡെവലപ്പ്മെന്റ്<br>കോർപ്പറേഷൻ ലിമിറ്റഡ്.<br>ആനപ്പാറ ബിൽഡിംഗ്സ്,<br>കൽപ്പറ്റ പി.ഒ.വയനാട് -673 121<br>ഫോൺ. 04936-202402 |

പ്രധാനപ്പെട്ട തടിയിതര വനവിഭവങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ക്രമ നമ്പർ | പേര് |
|---|---|---|---|
| 1. | അമൽപൊരി | 37. | കൊടിത്തൂവ വേര് |
| 2. | അടപതിയൻ കിഴങ്ങ് | 38. | കോലിഞ്ചി |
| 3. | ഇടംപിരി വലംപിരി | 39. | പട്ടിഞ്ച |
| 4. | ആടലോടകവേര് | 40. | പഞ്ഞിക്കായ |
| 5. | ഈന്തപ്പനക്കായ | 41. | പത്തിരിപ്പൂവ് |
| 6. | ഉറുഞ്ചിക്കായ | 42. | കാട്ടുപാവലം |
| 7. | ഓരില | 43. | പാൽമുതുക്കിൻ കിഴങ്ങ് |
| 8. | ഓടക്കുരു | 44. | പാടക്കിഴങ്ങ് |
| 9. | കസ്തൂരിമഞ്ഞൾ | 45. | പാച്ചോറ്റിത്തൊലി |
| 10. | കഴഞ്ചിക്കുരു | 47. | പുത്തരിചുണ്ട |
| 11. | ചെറുതേൻ | 48. | പൊള്ളക്കായ (നാഞ്ചിക്കുരു) |
| 12. | കൽപ്പാശം | 49. | പുന്നപ്പൂവ് |
| 13. | കണ്ണാടിവെള്ള | 50. | പുളി |
| 14. | കടുക്ക | 51. | പാലിക്കുരു |
| 15. | കാട്ടുകുരുമുളകിൻവള്ളി | 52. | പീനാറി |
| 16. | കാട്ടുപാവയ്ക്ക | 53. | തകര വേര് |
| 17. | കാട്ടുമഞ്ഞൾ | 54. | വൻതേൻ |
| 18. | കാട്ടുതിപ്പല്ലി വേര് | 55. | തേൻ മെഴുക് |
| 19. | കാഞ്ഞിരക്കുരു | 56. | താന്നിക്കായ |
| 20. | കാട്ടിഞ്ചി | 57. | തേമ്പ്രക്കായ |
| 21. | കാന്താരിമുളക് | 58. | തേറ്റാംപരൽ |
| 22. | കന്മദം | 59. | താമരക്കിഴങ്ങ് |
| 23. | കക്കുംകായ | 60. | നാങ്കിൻകുരു |
| 24. | കരിംകുറിഞ്ഞി | 61. | നറുനീണ്ടി (നന്നാറി) |
| 25. | കാട്ടുപയർവേര് | 62. | നീല അമരി |
| 26. | കാട്ടുതുളസി വേര് | 63. | നെല്ലിക്കായ |
| 27. | കാട്ടുപുന്നക്കായ | 64. | നീർവാളക്കുരു |
| 28. | കിരിയാത്തി | 65 | നായ്ക്കരണപ്പരിപ്പ് |
| 29. | കീഴാർനെല്ലി | 66 | മഞ്ഞക്കൂവ |
| 30. | കുന്തരിക്കം | 67 | മട്ടിപ്പാൽ |
| 31. | കുറുന്തോട്ടി | 68 | മരോട്ടിക്കുരു |
| 32. | കുമിഴിൻ വേര് | 69 | ആവില |
| 33. | കൈതോന്നി | 70 | മുത്തങ്ങ |
| 34. | കുടംപുളി | 71 | മുള്ളിലക്കുരു |
| 35. | കൊപ്പുവെള്ള | 72 | ചിറ്റരത്തക്കിഴങ്ങ് |
| 36. | കോലരക്ക് | 73. | ചീനിക്കായ |

| | | | |
|---|---|---|---|
| 74. | ചിറ്റമൃത് | 112. | തെറ്റി |
| 75. | ചെറുതേൻ വേര് | 113. | താളിപ്പൂവ് |
| 76. | ചെമ്പരത്തിവേര് | 114. | തൊട്ടാവാടി |
| 77. | ചിത്തിരപ്പൂവ് | 115. | ഇലഞ്ഞിപ്പൂവ് |
| 78. | രാമച്ചം. | 116. | നിലനാരകം |
| 79. | ചങ്ങലംപരണ്ട | 117. | പുളിയാറില |
| 80. | ശതാവരികിഴങ്ങ് | 118. | ചുവന്ന കൊടുവേലി |
| 81. | വയമ്പ് | 119. | പച്ചില |
| 82. | വയണപ്പൂവ് | 120. | പൊങ്ങ്/ഉങ്ങ് |
| 83. | വൻകുറുന്തോട്ടി | 121. | മുഞ്ഞ |
| 84. | വെള്ളത്തുമ്പ | 122. | മഞ്ചട്ടി |
| 85. | സീതാരി | 123. | ഞാവൽ |
| 86. | തഴുതാമവേര് | 124. | ഞെരിഞ്ഞിൽ |
| 87. | വെളുത്താവണക്കിൻ വേര് | 125. | പൂവൻകുരുന്നൽ |
| 88. | ഗുരുഡക്കൊടി | 126. | അടയ്ക്കാമണിയൻ |
| 89. | ജീവകം | 127. | കാട്ടുചേന |
| 90. | ദർഭപ്പുല്ല് | 128. | ഇലവിൻ പശ |
| 91. | ഏലക്കായ | 129. | കൊടകപ്പാല |
| 92. | ചിറ്റോലം | 130. | കുന്നിക്കുരു |
| 93. | അത്തിത്തിപ്പലി | 131. | കസ |
| 94. | പ്ലാശ് (പൂവും കായും) | 132. | ലന്തക്കുരു |
| 95. | പുൽത്തൈലം | 133. | നാഗപ്പുല്ല് |
| 96. | കറ്റാർവാഴ | 134. | നന്മുഖപ്പുല്ല് |
| 97. | ബ്രഹ്മി | 135. | നായ്ക്കരുണ വേര് |
| 98 | എരുക്ക് | 136. | ഞാവൽക്കുരു |
| 99 | ഉഴിഞ്ഞ | 137. | ഞെരിഞ്ഞാപുളി കിഴങ്ങ് |
| 100. | തകര | 138. | പുലിച്ചുവടി |
| 101. | കൊടങ്ങൽ | 139. | ചെറുപുന്നയരി |
| 102. | കാട്ടുവെള്ളരി | 140. | ചെറുതിപ്പലി |
| 103. | കോവൽ | 141. | തിരുതാളി |
| 104. | കാക്കത്തൊണ്ടി | 142. | കണ്ടകാരി |
| 105. | നിലപ്പന | 143. | കരിഞ്ചീരകം |
| 106. | ആനച്ചുവടി | 144. | വീഴാലരി |
| 107. | കരിങ്കടങ്ങൽ | 145. | ചൂൽപ്പുല്ല് |
| 108. | മേന്തോന്നി | | |
| 109. | ചക്കരക്കൊല്ലി | | |
| 110. | തേക്കട | | |
| 111. | വയൽചുള്ളി | | |

| | | | | | |
|---|---|---|---|---|---|
| **മലപ്പുറം ജില്ല** | | | | | |
| 40. | നിലമ്പൂർ | മലപ്പുറത്തുനിന്നും 37 കീ. മീറ്റർ | കനോലി തേക്ക് പ്ലാന്റേഷൻ | ഒരാൾക്ക് 20 രൂപ കുട്ടികൾക്ക് 10, വിദേശികൾക്ക് 40 രൂപ. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ നോർത്ത് 9447979063 |
| 41 | നെടുങ്കയം,നിലമ്പൂർ | നിലമ്പൂരിൽ നിന്നും 15 കി. മീറ്റർ | ആനക്കൂട്, ലോക പ്രസിദ്ധമായ നിലമ്പൂർ തേക്കുത്തോട്ടം | ഒരാൾക്ക് 10 രൂപ കുട്ടികൾക്ക് 5. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ സൗത്ത് 9447979065 |
| **കോഴിക്കോട് ജില്ല** | | | | | |
| 42. | കക്കയം | കോഴിക്കോട്ടു നിന്നും 80 കി. മീറ്റർ | വെള്ളച്ചാട്ടം, തൂക്കുപാലം, ട്രക്കിംഗ് | ഒരാൾക്ക് 10 രൂപ കുട്ടികൾക്ക് 5. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട് 9447979073 |
| 43. | പെരുവണ്ണാമൂഴി | കോഴിക്കോട്ടു നിന്നും 60 കി. മീറ്റർ | മുതല സംരക്ഷണ കേന്ദ്രം, വെള്ളച്ചാട്ടം, ട്രക്കിംഗ് | ഒരാൾക്ക് 10 കുട്ടികൾക്ക് 5. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട് 9447979073 |
| 44. | കൊളവിപ്പാലം | കോഴിക്കോട്ടു നിന്നും 40 കി. മീറ്റർ | കടലാമ സംരക്ഷണ കേന്ദ്രം. കണ്ടൽ കേന്ദ്രം | ഇല്ല | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട് 9447979073 |
| 45. | ചാലിയം | കോഴിക്കോട്ടു നിന്നും 10 കി. മീറ്റർ | ഔഷധ ഉദ്യാനം, പാമ്പ്, പക്ഷി സംരക്ഷണ കേന്ദ്രം. | ഒരാൾക്ക് 10 രൂപ കുട്ടികൾക്ക് 5. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട് 9447979073 |
| 46. | കടലുണ്ടി- വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ് | കോഴിക്കോട്ടു നിന്നും 12 കി. മീറ്റർ | ദേശാടനപക്ഷി, കണ്ടൽ കേന്ദ്രം, അഴിമുഖം | ഇല്ല | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട് 9447979073 |

## പ്രസ്താവന

വനം വകുപ്പ് നൽകി വരുന്ന സേവനങ്ങൾ പൊതുജന സമക്ഷം അവതരിപ്പിക്കുന്ന പ്രസിദ്ധീകരണമാണിത്.* എല്ലാ അർത്ഥത്തിലും ഈ രേഖ സമ്പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. മാന്യവായനക്കാർ ഇത് സശ്രദ്ധം വായിക്കുകയും, ഒപ്പം കുറ്റങ്ങളും കുറവുകളും ഉണ്ടെങ്കിൽ അവ ചൂണ്ടിക്കാണിച്ചാൽ അക്കാര്യം പരിശോധിച്ച് പൗരാവകാശരേഖയുടെ അടുത്ത പതിപ്പിൽ ഉൾപ്പെടുത്തുന്നതുമാണ്. താങ്കളുടെ വിലയേറിയ അഭിപ്രായങ്ങൾ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, വനം വകുപ്പാസ്ഥാനം, വഴുതക്കാട്, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ അറിയിക്കാവുന്നതുമാണ്.

(*2013 ജൂൺ വരെയുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ പുന:പ്രസിദ്ധീകരിച്ചത്.)

